# 14-ാം കേരള നിയമ സഭ
# 4-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3611** **14.03.2017-ൽ മറുപടിയ്ക്ക്**

## എയിംസിന് കേരള സർക്കാർ നിർദ്ദേശിച്ച സ്ഥലങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എ. എൻ. ഷംസീർ :** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കേരളത്തിനനുവദിച്ച ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന് കേരള സർക്കാർ നിർദ്ദേശിച്ച സ്ഥലങ്ങൾ ഏതെല്ലാം ; നിർദ്ദേശിച്ച സ്ഥലങ്ങളിൽ എത്ര ഏക്കർ വീതമാണ് സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; | (എ) ചുവടെ ചേർക്കുന്ന 4 സ്ഥലങ്ങളാണ് സംസ്ഥാനത്ത് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനായി നിർദ്ദേശിച്ചിരുന്നത്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു.<br>1. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി. യുടെ പക്കലുള്ള സ്ഥലം (200 ഏക്കർ)<br>2. തിരുവനന്തപുരത്ത് നെയ്യാറ്റിൻകര നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിനോടനുബന്ധിച്ചുള്ള സ്ഥലം (263.45 ഏക്കർ)<br>3. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിനോട് ചേർന്നുള്ള സ്ഥലം (248.21 ഏക്കർ)<br>4. എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസിനോട് (എച്ച്.എം.റ്റി) ചേർന്നുള്ള സ്ഥലം (200 ഏക്കർ) |
| (ബി) എയിംസ് അനുവദിക്കാൻ കേന്ദ്ര സർക്കാർ എന്തെല്ലാം മാനദണ്ഡങ്ങളാണ് മുന്നോട്ട് വച്ചിരിക്കുന്നത് ? | (ബി) നിർദ്ദേശിക്കുന്ന സ്ഥലം റോഡ് കണക്റ്റിവിറ്റിയുള്ളതും ജലം, വൈദ്യുതി ലഭ്യതയുള്ളതായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അനുയോജ്യമായ റോഡ് മാർഗ്ഗത്തിനും ആവശ്യമായത്ര |

കുടിവെള്ള വിതരണത്തിനും, വൈദ്യുതി കണക്ഷനും ആവശ്യമായ ഭൂമിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാന സർക്കാർ സൗജന്യമായി ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ നിർമ്മാണച്ചെലവും എയിംസിന്റെ നടത്തിപ്പും പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷ യോജന (PMSSY) പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ വഹിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**